# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ .5505

06.07.2012.ൽ മറുപടിയ്ക്ക്

## കുട്ടനാട്ടിൽ ജങ്കാർ നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ. പി .ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) കുട്ടനാടിനായി ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന്റെ കീഴിൽ നിർമ്മാണം ആരംഭിച്ച ജങ്കാറുകളുടെ പണി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ; | എ) 11/03/1998-ലെ സർക്കാരിന്റെ 100 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി പ്രകാരം കുട്ടനാടിനായി പുളിങ്കുന്നിലും കാവാലത്തിലും കടത്ത് നടത്തുവാൻ രണ്ട് ജങ്കാറുകൾ നിർമ്മിക്കുന്നതിന് ജലസേചന വകുപ്പ് മെക്കാനിക്കൽ വിഭാഗത്തിലെ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറെ (പി. ഡബ്യൂ.ഡി. നിരത്തുകളും പാലങ്ങളും) ചുമതലപ്പെടുത്തി. ഇതനുസരിച്ച് മെക്കാനിക്കൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ (പൊതുമരാമത്ത്) രണ്ട് ജങ്കാറുകൾ നിർമ്മിച്ചു നൽകുവാൻ 28/07/1999-ൽ ദർഘാസ് നമ്പർ SE/Mech/PWD/1/2000 പ്രകാരം ടെൻഡർ ക്ഷണിക്കുകയും M/s ജമിനി & ജമിനി രൂപ 87 ലക്ഷം + നികുതി എന്ന തുകയ്ക്ക് ടെൻഡർ ഉറപ്പിക്കുകയും ചെയ്തു.07/03/ 2000-ൽ ഒപ്പ് വച്ച കരാർ പ്രകാരമുള്ള കാലാവധിയായ ആറ് മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാൻ സാധിക്കാതെ വന്നതിനാൽ അഞ്ചു തവണ 31/03/2004 വരെ കരാർ കാലാവധി നീട്ടി കൊടുക്കുകയുണ്ടായി. എന്നാൽ പണി പൂർത്തിയാക്കാതെ 31/03/2004- ന് ശേഷം കരാറുകാരൻ പണി നിർത്തിവയ്ക്കുകയുണ്ടായി. തുടർന്ന് സാധനങ്ങളുടെ വില വർദ്ധനവ് കാണിച്ചു കൊണ്ട് ടെണ്ടർ തുക വർദ്ധിപ്പിച്ചു കിട്ടുവാൻ കരാറുകാരൻ സർക്കാരിനെ സമീപിച്ചു. |

എന്നാൽ സർക്കാർ കരാറുകാരന്റെ മേൽ നടപടി ആവശ്യം നിരസിച്ചു. അതേ സമയം പണി പൂർത്തിയാക്കാനുള്ള കാലാവധി പിഴ കൂടാതെ നീട്ടി കൊടുക്കുവാൻ തയ്യാറായി. ഈ വിവരം രേഖാമൂലം കരാറുകാരനെ അറിയിച്ചിട്ടും കരാറുകാരന്റെ ഭാഗത്തു നിന്നും തുടർനടപടികൾ ഒന്നും ഉണ്ടായില്ല. അതിനുശേഷം കരാറുകാരൻ തുക വർദ്ധിപ്പിച്ചു കിട്ടുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ഈ കാര്യത്തിൽ തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. കരാറുകാരന്റെ വാദഗതികൾ കേട്ടശേഷം നിയമ പരമായി തുക വർദ്ധിപ്പിച്ചു നൽകുവാൻ നിർവ്വാഹമില്ലാത്തതിനാൽ സർക്കാർ കരാറുകാരന്റെ ആവശ്യം നിരസിച്ചു.

ഏകദേശം 60% പണികൾ കരാറുകാരൻ പൂർത്തീയാക്കിയിട്ടുണ്ടായിരുന്നു. ബാക്കിയുള്ള പണികൾ കരാറുകാരൻ തുടർന്ന് ചെയ്യുവാൻ തയ്യാറായില്ല. നിരവധി എഴുത്തുകുത്തുകൾ നടത്തിയിട്ടും കരാറുകാരൻ വഴങ്ങാത്തതിനാൽ 17/10/2006-ൽ പ്രസ്തുത കരാർ, കരാറുകാരന്റെ റിസ്ക് ആന്റ് കോസ്റ്റിൽ റദ്ദ് ചെയ്യുകയുണ്ടായി. തുടർന്ന് കരാറുകാരൻ ബഹു. ഹൈക്കോടതിയെ സമീപിക്കുകയും കോടതി റീ-ടെൻഡർ നടപടികൾ കോടതി വിധിയ്ക്ക് വിധേയമായിരിക്കണം എന്ന് ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ ഈ റദ്ദാക്കൽ നടപടി ഫലത്തിൽ ഇല്ലാതെ വരികയും തുടർ നടപടികൾ കുറച്ച് കാലത്തേയ്ക്ക് നടത്താൻ കഴിയാതെ വരികയും ചെയ്തു.

എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമ വിധിയിൽ കരാറുകാരന്റെ പരാതി ഒന്നാം പ്രതിയായ പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം) പരിശോധിച്ച് ഉചിതമായ തീരുമാനം എടുക്കണമെന്ന് ആവശ്യപ്പെട്ടു. അതുപ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (ധനകാര്യം) പരാതിക്കാരനെ വിളിച്ച് ചർച്ച നടത്തിയ ശേഷം കരാരുകാരന്റെ ആവശ്യം അംഗീകരിക്കാൻ കഴിയില്ല എന്ന് ഉത്തരവ് നൽകി.. ആയതിന്റെ തുടർച്ചയായി ഭാഗീകമായി പണി പൂർത്തിയാക്കിയ പ്രസ്തുത ജങ്കാറുകൾ. കരാറുകാരന് നൽകിയ തുകയുടെ ഒരു ഭാഗം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിനു വേണ്ടി ജലസേചന (മെക്കാനിക്കൽ വിഭാഗം)വകുപ്പ് ഏറ്റെടുക്കുകയും പ്രസ്തുത ജങ്കാറുകൾ 36,30,000/- രൂപയ്ക്ക് വിൽക്കുകയും പ്രസ്തുത തുക

| | | | |
|---|---|---|---|
| | | | സർക്കാരിലേയ്ക്ക് മുതൽ കൂട്ടുകയും ചെയ്തിട്ടുണ്ട്. ഈ ജങ്കാറുകൾക്ക് പകരമായി പുതിയ ജങ്കാറുകൾ കരാറുകാരന്റെ റിസ്കിലും കോസ്റ്റിലും നിർമ്മിക്കുന്നതിനും കരാർ റദ്ദു ചെയ്യാനും സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ 09/03/2010-ൽ കരാറുകാരന്റെ റിസ്കിലും കോസ്റ്റിലും കരാർ റദ്ദു ചെയ്യുകയുണ്ടായി. ഈ ജങ്കാറുകൾക്ക് പകരമായി പുതിയ ജങ്കാറുകൾ കരാറുകാരന്റെ റിസ്കിലും കോസ്റ്റിലും വാങ്ങുന്നതിനു വേണ്ടി ചീഫ് എഞ്ചിനീയർ ഇറിഗേഷൻ (മെക്കാനിക്കൽ വിഭാഗം) പുനർ ദർഘാസ് നമ്പർ SE/Mech/PWD/1/2010- 2011, തീയതി 29/04/2010 പ്രകാരം ടെൻഡർ ക്ഷണിക്കുകയും പ്രസ്തുത വർക്ക് 222.52 ലക്ഷം രൂപയ്ക്ക് പൊതുമേഖലാ സ്ഥാപനമായ സിൽക്കിന് നൽകാൻ സർക്കാർ ഉത്തരവ് (Rt) നമ്പർ 156/PWD/2011 -തീയതി 27/01/2011 പ്രകാരം ഉത്തരവായി. സിൽക്ക് 12/05/2011-ൽ എഗ്രിമെന്റ് വെയ്ക്കുകയും നിർമ്മാണ കാലാവധിയായ 12/11/2011- വരെ പ്രസ്തുത സ്ഥാപനം ഇതുമായി ബന്ധപ്പെട്ട് ഒരു നിർമ്മാണ പ്രവർത്തനവും ചെയ്തിട്ടില്ലാത്തതുമാണ്. |
| ബി) | പ്രസ്തുത ജങ്കാറുകളുടെ നിർമ്മാണത്തിന് ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; | ബി) | ആദ്യകരാറുകാരന് പ്രസുതുത ജങ്കാറിന്റെ നിർമ്മാണത്തിനു വേണ്ടി മൊത്തം 57,84,576/- രൂപ റിട്ടൺഷൻ തുകയായ 3,65,400/-രൂപ കഴിച്ച് നൽകിയിട്ടുണ്ട്. |
| സി) | നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ: | | റീ-ടെർഡർ മുഖേന പൊതുമേഖല സ്ഥാപനമായ സിൽക്കിന് നൽകിയ ജങ്കാറുകളുടെ പണി ഇതുവരെ ആരംഭിച്ചിട്ടില്ല. പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| ഡി) | റീടെണ്ടർ ഏറ്റെടുത്ത സിൽക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | | റീടെണ്ടർ ഏറ്റെടുത്ത സിൽക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| ഇ) | ജങ്കാറുകളുടെ നിർമ്മാണത്തിനായി സിൽക്കിന് കാലാവധി നീട്ടി നൽകിയിട്ടുണ്ടോ? | | ജങ്കാറുകളുടെ നിർമ്മാണത്തിനായി സിൽക്കിന് കാലാവധി നീട്ടി നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ